റാവുബഹദൂർ ടി. കെ. നായർ: അദ്ദേഹം അവിടെ ഉണ്ടെന്നുള്ളതാണ് വലിയ ധൈര്യം.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: പിന്നെ വലിയ ഒരുസംഖ്യ ഗവൺമെണ്ടിലേക്ക് നഷ്ടപ്പെടുമെന്നു പറയുന്നുണ്ട്. അതു ഞങ്ങളും സമ്മതിക്കാം. പക്ഷെ അതു നികത്തുവാൻ ചിലമാർഗ്ഗങ്ങളും എനിക്കു തോന്നുന്നുണ്ട്. നമ്മുടെ നാട്ടിലുള്ള ട്രാൻസ്പോർട്ട് ഗവൺമെണ്ട് ഏറെടുത്താൽ വലിയ ഒരു തുകകിട്ടും.

റാവുബഹദൂർ ടി. കെ. നായർ: അതിനു ഉത്സാഹിക്കുന്നുണ്ട്-

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: ഒരുതരം ഉന്തുമോഡൽ ബസ്സുകളാണ് ഇന്നുള്ളതു്. ചിലചില ബസ്സുടമസ്ഥന്മാർ യാത്രക്കാരെക്കൊണ്ട് ബസ്സ് തള്ളിച്ചതായി അറിയുന്നുണ്ട്. ഒരിക്കൽ ചീഫ് ജസ്റ്റിയായിരുന്ന മിസ്റ്റർ നിലകണ്ഠമേനോനെകൊണ്ട്—ആളറിയാതെയായിരിക്കാം—ബസ്സ് തള്ളിച്ചതായി ഞാൻ കേട്ടിട്ടുണ്ട്. ഗവൺമെണ്ട് ഇതു ഏറെറടുത്തു് നടത്തുകയാണെങ്കിൽ അത്തരം ഉന്തു മോഡൽ ബസ്സുകളും ഇല്ലാതെ യാത്രാസൌകര്യവും ലഭിക്കുകയും, ഗവൺമെണ്ടിനു വലിയ ആദായം ലഭിക്കുകയും ചെയ്യും. സ്റ്റേയിറിനു് വലിയ ഒരു ഗവനു് ഉണ്ടാകും. പിന്നെ ഇപ്പോഴത്തെ ഈ സെയിൽസ് ടാക്സ് ഇനത്തിൽ മുപ്പതു ലക്ഷം ഉറപ്പായിട്ടുണ്ടു് expect ചെയ്യുന്നതു്. അതു് വാസ്തവത്തിൽ വസൂലാക്കുകയാണെങ്കിൽ ഒരു കോടിയിലധികമുണ്ടാകുമെന്നാണ് വിചാരിക്കേണ്ടതു്. പതിനായിരം ഉറപ്പായിട്ടുള്ള സെയിൽസ്ഉള്ളവക്കേ ടാക്സ് എടുക്കാവൂ എന്നാണ് പറയുന്നതു്. എന്നാൽ നാലണയുടെ സെയിൽസ്സുള്ളവരും ടാക്സ് പരിക്കുന്നുണ്ട്. അതൊരു ചൂഷണം. അത്തരം വ്യാപാരികൾക്കും ടാക്സ് ചുമത്തണം. ഈ സംഗതികളൊക്കെ ആലോചിക്കുമ്പോൾ പണത്തിനു് വലിയ വിഷമം തോന്നുന്നില്ല. പിന്നെ നമ്മുടെ ദിവാൻജി അവർകൾ മാച്ചു് മാസത്തിലൊ, ഏപ്രിൽ മാസത്തിലൊ പോകുകയാണെന്നു് പറയുന്നുണ്ട്. അങ്ങിനെ പോകുകയാണെങ്കിൽ നമുക്കു് ദിവാൻജി വേണ്ടെന്നു് വെയ്ക്കുക. ഒരു മന്ത്രിയേയും വേണ്ടെന്നുമെങ്കിൽ കുറക്കാം. പൊന്നാനി താലൂക്കിനോളം മാത്രം വലിപ്പമുള്ള ഈ കൊച്ചിയിൽ ഒരു ഡപ്യൂട്ടികളക്ടർക്കുമാത്രം കരിക്കുവാൻഉള്ള ഒരു കൊച്ചിയിൽ നാല് മന്ത്രിമാരുടെ ആവശ്യമില്ല. ആ ഒരിനത്തിലും നല്ല ഒരു സംഖ്യ ആദായമുണ്ടാക്കാം. പിന്നെ P. W. D. വകുപ്പിൽ തിരുവിതാംകൂറിനേയും കൊച്ചിയേയും കൂടി താരതാമ്യപ്പെടുത്തിയാൽ ഇവിടെ വളരെ Waste ഉണ്ടെന്നു് പറയുന്നുണ്ട്. ഇതും ഇല്ലായ്മചെയ്താൽ ഒരു നല്ല സംഖ്യയുണ്ടാകും. ഇങ്ങിനെ പലതും ആലോചിച്ചു് നോക്കിയാൽ ജനങ്ങൾക്കു് യാതൊരു ടാക്സ്ഷനും ഇല്ലാതെ, ആദായംഉള്ളതിനെ വർദ്ധിപ്പിച്ചു് മുതലെടുപ്പുണ്ടാക്കാം. ഏതായാലും ബഹുമാനപ്പെട്ട മന്ത്രിഅവർകൾ ഉടനെ എന്നുള്ളതു് മാററി ഫെബ്രുവരി ആദ്യത്തിൽത്തന്നെ മദ്യവർജ്ജനം നടപ്പാക്കാമെന്നു് ഉറപ്പു് തന്നിട്ടുള്ളതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പ്രസ്സ് ചെയ്യുന്നില്ല.

Resolution, by leave, withdrawn

(ii) Taking over of the Kothaparamba—Kara Panchayat Road

Mr. P. A Muhammad Ashrof *(Cranganur)*: "This Council recommends to Government that the Kothaparamba—Kara Panchayat road should be taken over by the Public Work Department at once" ഈ പ്രമേയത്തെക്കുറിച്ചു് എനിക്കധികമൊന്നും പറയുവാനില്ല. ഈ പ്രമേയം അവതരിപ്പിച്ചു വിതരണം ചെയ്ത അജണ്ടയിൽ ഒരു തെറ്റുപററീട്ടുണ്ട്. കോതപറമ്പ്—കാരറോഡ് എന്നാണ് ഞാൻ അയച്ചിട്ടുള്ള പ്രമേയംകൊണ്ടു നിർദ്ദേശിച്ചിട്ടുള്ളതു്. അല്ലാതെ കൊല്ലപറമ്പുകര എന്നല്ല. ഇതൊരു പ്രാദേശികാവശ്യമാണ്. ഇതു് ഏതാണ്ടു് മൂന്നു മൈൽ നീളം വരുന്ന ഒരു റോഡാണ്. വളരെ അത്യാവശ്യമുള്ള ഒരു റോഡാണ്. ഈ റോഡ് ഇപ്പോൾ പഞ്ചായത്തു് ഡിപ്പാർട്ടുമെണ്ടിന്റെ കീഴിലാണ്. വളരെ ഇച്ഛുമായ ഒരു സംഖ്യയാണു് ഈ റോഡ് മെയിൻറനൽസിനു് വേണ്ടി വെയ്ക്കുന്നതു്. ഈ റോഡിന്റെ സംരക്ഷണം പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെണ്ടിൽനിന്നു് നടത്തേണ്ടതു ഏററവും അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണ്. ഇതു് ഗവൺമെണ്ടു് സദയം സ്വീകരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. K. T. Achyutan *(Ezhuvas-Mukundapuram)*: I support this resolution.

റാവുസാഹിബു് കെ. അയ്യപ്പൻ: ഫെബ്രുവരി-ലെ ബഡ്ജററിൽ ഇതിനു് പ്രൊവിഷൻ കൊള്ളിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എം. മുഹമ്മദ് അഷ്റഫ്: ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി നൽകിയ മറുപടികൊണ്ട് ഞാൻ തൃപ്തിപ്പെടുകയും പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയും ചെയ്തുകൊള്ളുന്നു.

Resolution, by leave, withdrawn

(iii) Cancellation of licenses issued to coffee clubs, Hotels, Barbar Shops, etc., which are not open to all classes.

മിസ്റ്റർ കെ. കെ. കണ്ണൻ: "എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിക്കാത്ത കാപ്പി ക്ലബ്ബുകൾ, ഹോട്ടലുകൾ, ബാർബർ ഷാപ്പുകൾ എന്നിവകളുടെ ലൈസൻസുകൾ ഉടൻ റദ്ദ് ചെയ്യണമെന്നു് ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു് ശുപാർശ ചെയ്യുന്നു."

സർ, ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു് വാസ്തവത്തിൽ ഈ രാജ്യത്തു് നിലനിന്നു വരുന്നതായ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇല്ലായ്മചെയ്തു് ഒരു പുതിയ സമുദായക്രമം സൃഷ്ടിക്കുന്നതിനുള്ള പരിപാവനമായ ഉദ്ദേശത്തോടുകൂടിയാണു്. മറ്റുവിധത്തിൽ പറയുകയാണെങ്കിൽ, ജാതി നശിപ്പിച്ചു് നമ്മുടെ ഈ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി എല്ലാ ജനവിഭാഗങ്ങളേയും ഒരുമിച്ചണിനിരത്തി, സൃഷ്ടിപരമായ പരിപാടികൾവെച്ചുകൊണ്ടു് പ്രവർത്തിക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. വാസ്തവത്തിൽ പട്ടണങ്ങളിൽ എല്ലാവർക്കും പ്രവേശനം ഇല്ലാത്ത കാപ്പി ക്ലബ്ബുകളും, ഹോട്ടലുകളും, ബാർബർ ഷാപ്പുകളും കാണുകയില്ലെങ്കിലും ഗ്രാമങ്ങളിൽ നമ്മുടെ അനുഭവംവെച്ചു നോക്കുകയാണെങ്കിൽ അധഃകൃതർ, മറ്റവശ സമുദായങ്ങൾ മുതലായ വിഭാഗങ്ങൾക്കു് പ്രവേശിക്കുവാൻ അർഹതയില്ലാത്ത കാപ്പി ക്ലബ്ബുകളും, ഹോട്ടലുകളും ബാർബർ ഷാപ്പുകളും ധാരാളം കാണാൻ നമുക്കു് കഴിയും. ഇതു് വളരെ വിഷമമുള്ള ഒരു സംഗതിയാണെന്നു പറയാതെ തരമില്ല. ഒരു കാപ്പിക്കടയിൽ ഒരു പുലയനു സാധാരണയായി മറ്റുള്ളവർ ഇരിക്കുന്ന സ്ഥലത്തു് കയറിയിരുന്നു് കാപ്പി കുടിക്കുവാൻ സാധിക്കുകയില്ലെന്നു വരുന്നതു് എത്ര അപമാനകരമായിട്ടുള്ള സംഗതിയാണെന്നു് ആലോചിച്ചു നോക്കണം! ഇങ്ങിനെ അവശസമുദായങ്ങളിൽപ്പെട്ട വ്യക്തികൾക്കു് ഗ്രാമങ്ങളിൽ, കാപ്പിക്കടകളിലും ബാർബർ ഷാപ്പുകളിലും മറ്റും പ്രവേശനം ലഭിക്കാതെ അവർ വളരെ ബുദ്ധിമുട്ടുന്നുണ്ടു്. അതു് അവർക്കു ജീവിക്കുന്നതിനു അസൌകര്യം നേരിടുക മാത്രമല്ല; അവരുടെ പൌരസ്വാതന്ത്ര്യത്തെ നിഹനിക്കുക കൂടി ചെയ്യുന്ന അവരെ അപമാനിക്കുകകൂടി ചെയ്യുന്ന ഒരു ദുഷിച്ച സമുദായക്രമമാണെന്നു് പറയാതെ നിവൃത്തിയില്ല. ഇതു് തേച്ചു മാച്ചു കളയേണ്ടതാവശ്യം ഇന്നത്തെ നമ്മുടെ ഗവൺമെണ്ടിനുണ്ടു്. ക്ഷേത്രപ്രവേശനംപോലെതന്നെ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു സംഗതിയാണു് ഇതെന്നു് പറയാതെ തരമില്ല. ക്ഷേത്രപ്രവേശനം ഉടനെ നടപ്പിൽ വരുമെന്നാണു് ഞങ്ങളുടെ പ്രതീക്ഷ. അതുപോലെ ഇതും വളരെ വേഗം നടപ്പിൽ വരുത്തേണ്ട കാര്യമാണു്. നമ്മുടെ ഗവൺമെണ്ടു് ജനകീയ താല്പര്യങ്ങൾക്കു് വേണ്ടി നിലകൊള്ളുന്ന ഒരു ഗവൺമെണ്ടാണെന്നു് എനിക്കു് അഭിമാനിക്കാനും വിശ്വസിക്കുവാനും സാധിക്കുന്നുണ്ടു്. ജനകീയമായ അടിസ്ഥാനത്തിന്മേൽ ഈ രാജ്യത്തെ ഭരണകൂടം മുന്നോട്ടു പോകുമ്പോൾ ഇതുപോലെയുള്ള അനാചാരങ്ങളേയും അസ്വാതന്ത്ര്യങ്ങളേയും നിലനിർത്തി പോരാൻ നമ്മൾ ഒരിക്കലും സമ്മതിച്ചുകൊടുക്കാൻ പാടില്ലെന്നുള്ളതാണു് എനിക്കു ബഹുമാനപ്പെട്ട സഭയെ അറിയിക്കാനുള്ളതു്. കാപ്പിക്കടകളിലും ബാർബർ ഷാപ്പുകളിലും അതുപോലെയുള്ള പൊതുസ്ഥലങ്ങളിലും എല്ലാ ജാതിക്കാർക്കും പ്രവേശനം ലഭിക്കുക എന്നുള്ളതു് ഒരു പൌരസ്വാതന്ത്ര്യമാണു്. അങ്ങിനെ എല്ലാ സമുദായങ്ങളുടേയും പുരോഗമനത്തിനു് പ്രതിബന്ധമായിട്ടുള്ള ഏതൊരു സാമൂഹ്യ സ്ഥിതിയേയും ഏതൊരനുഷ്ഠാനത്തേയും മാറ്റുന്നതിനുള്ള കെല്പു് നമ്മുടെ ഗവൺമെണ്ടിനുണ്ടോ കണം. അതുണ്ടെന്നു് പൂർണ്ണമായി ഞങ്ങൾ വിശ്വസിക്കുന്നു. പ്രത്യേകിച്ചു്, ജാതിക്ക എതിരായി ഇരുപതിരുപത്തഞ്ചുകൊല്ലത്തോളം തന്റെ സർവ്വവിധ ജീവിതസുഖങ്ങളും ബലികഴിച്ചുകൊണ്ടു പ്രവൃത്തിച്ചു പോന്നിട്ടുള്ളതും, ഇപ്പോഴും പ്രവർത്തിച്ചുപോരുന്നതുമായ ഒരു വ്യക്തിയാണു് ഇന്നത്തെ മന്ത്രിയായി പരിലസിക്കുന്ന റാവു സാഹിബു് കെ. അയ്യപ്പൻ. അതുപോലെതന്നെ ഇന്നത്തെ കാബിനറ്റിൽ മിസ്റ്റർ പനമ്പിള്ളിയെപ്പോലെയുള്ള ധീരകേസരികളായ മന്ത്രിമാർ ഉള്ളപ്പോൾ തിരുവായിട്ടും നമുക്കു വിശ്വസിക്കാൻ സാധിക്കുംപോലെയല്ല. മദ്യവർജ്ജനം ഉടനെ നടത്തണമെന്നുള്ളതാണു് ഗവൺമെണ്ടു് കാണുന്ന പ്രായോ

LIBRARY ARCHIVES Kerala Legislative Assembly